പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളിലെ കാർഷിക വായ്പ

120 (2698) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും കാർഷിക വായ്പ അനുവദിക്കപ്പെടുന്നവർക്ക് ഞങ്ങൾ ഈട് നൽകുന്ന വസ്തു സബ് രജിസ്ട്രാർ ആഫീസുകളിൽ രജിസ്റ്റർ ചെയ്യണമെന്നുണ്ടോ ;

(ബി) ജില്ലാ സഹകരണ ബാങ്കുകളിലും സംസ്ഥാന സഹകരണ ബാങ്കിലും ഇപ്രകാരം കാർഷിക വായ്പ അനുവദിക്കപ്പെടുന്നവർക്ക് ഈ നടപടികൾ അനിവാര്യമല്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അതുകൊണ്ട് ജില്ലാ സഹകരണ ബാങ്കുകളിൽ ഇക്കാര്യത്തിൽ ചെയ്യുന്നതുപോലെയുള്ള നടപടികൾ പ്രാഥമിക സഹകരണ ബാങ്കുകളിലും സ്വീകരിക്കുവാൻ നടപടിയുണ്ടാകുമോ ?

ഉത്തരം

(എ) പണയാധാരം രജിസ്റ്റർ ചെയ്യണമെന്നുണ്ട്.

(ബി&സി) ജില്ലാ സഹകരണ ബാങ്ക് സംസ്ഥാനസഹകരണ ബാങ്ക് എന്നിവയിൽ നിന്നും വ്യക്തികൾക്ക് നേരിട്ട് കാർഷിക വായ്പ വിതരണം ചെയ്യുന്നതിന് നിലവിൽ വ്യവസ്ഥ ഇല്ല.

പോസ്റ്റേജ് സ്റ്റാമ്പ് ഇടപാടിൽ കൃത്രിമം കാട്ടിയ ആൾക്കെതിരെ നടപടി

121 (2699) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിൽ സൂപ്രണ്ടായിരുന്ന ശ്രീ. എ. ശ്രീകുമാർ പോസ്റ്റേജ് സ്റ്റാമ്പ് ഇടപാടിൽ കൃത്രിമം കാട്ടി ധനാപകരണം നടത്തിയ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര തുകയുടെ തിരിമറിയാണ് നടത്തിയത് ;

(സി) ഇത് സംബന്ധിച്ച് സഹകരണ രജിസ്ട്രാർക്ക് പെൻഷൻ ബോർഡിൽ നിന്നും റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ ; എങ്കിൽ ഏത് രീതിയിലാണ് കിട്ടിയത് ;

(ഡി) ഈ റിപ്പോർട്ടിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ഇ) നടപടി സ്വീകരിക്കുവാൻ കാലതാമസം വന്നിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly